"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന വകുപ്പ് - സംസ്ഥാന മത്സ്യകർഷക അവാർഡ് നിർണ്ണയ സമിതി പുനഃസംഘടിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.428/2026/F&P തീയതി,തിരുവനന്തപുരം, 31-07-2026

പരാമർശം:- 1. സ.ഉ.(സാധാ) നം. 240/2026/F&P, തീയതി 13.03.2026.

2. ഫിഷറീസ് ഡയറക്ടറുടെ 16/06/2026 തീയതിയിലെ DFTVM/1724/2026-C4 നമ്പർ കത്ത്.

**ഉത്തരവ്**

ഡോ. മോഹനകുമാരൻ നായർ, പ്രൊ-വൈസ് ചാൻസലർ (റിട്ട.), കുഫോസിനെ ചെയർമാനായും, ശ്രീമതി. ബേബി ഷീജ കോഹൂർ, ഫിഷറീസ് ജോയിന്റ് ഡയറക്ടർ ഇൻലാൻഡിനെ കൺവീനറായും, ശ്രീ. സന്തോഷ് കുമാർ. എസ്, ഫിഷറീസ് ജോയിന്റ് ഡയറക്ടർ (ദക്ഷിണ മേഖല), ശ്രീ. പ്രിൻസ്.എസ്, ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, സംസ്ഥാന മത്സ്യവിത്ത് കേന്ദ്രം, ശ്രീ. മുജീബ്.ഇ, ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ & പ്രോജക്ട് മാനേജർ, കേരള സംസ്ഥാന തീരദേശ വികസന കോർപറേഷൻ എന്നിവരെ അംഗങ്ങളായും ഉൾപ്പെടുത്തി പരാമർശം (1) പ്രകാരം മത്സ്യകർഷക അവാർഡ് നിർണ്ണയ സമിതി പുനസംഘടിപ്പിച്ചിരുന്നു. എന്നാൽ ഡോ. മോഹനകുമാരൻ നായർ, ശ്രീ. പ്രിൻസ് എന്നിവർ സ്ഥലത്തില്ലാത്തതിനാൽ കമ്മിറ്റി യോഗങ്ങളിൽ പങ്കെടുക്കാൻ അസൗകര്യം അറിയിച്ചിട്ടുള്ളതിനാൽ ടി സമിതിയെ പുനസംഘടിപ്പിക്കുന്നതിനായി ഫിഷറീസ് ഡയറക്ടർ പരാമർശം (2) പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം പരിശോധിച്ചു. ഫിഷറീസ് ഡയറക്ടറുടെ ശിപാർശ പരിഗണിച്ച്, ചുവടെ ചേർത്തിരിക്കുന്ന പട്ടികപ്രകാരം സംസ്ഥാന മത്സ്യകർഷക അവാർഡ് നിർണ്ണയ സമിതി പുനഃസംഘടിപ്പിച്ച് ഉത്തരവാകുന്നു.

| | | |
|---|---|---|
| 1. | ശ്രീ. മഹേഷ്. എസ്, ഫിഷറീസ് ജോയിന്റ് ഡയറക്ടർ (റിട്ട.) | ചെയർമാൻ |
| 2. | ശ്രീ. സന്തോഷ് കുമാർ. എസ്, ഫിഷറീസ് ജോയിന്റ് ഡയറക്ടർ | അംഗം |
| 3. | ശ്രീ. രാജേന്ദ്രൻ. ജി, ഫിഷറീസ് ജോയിന്റ് ഡയറക്ടർ (റിട്ട.) | അംഗം |
| 4. | ശ്രീ. മുജീബ്. ഇ, ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ | അംഗം |

| | | |
|---|---|---|
| | | |
| 5. | ശ്രീമതി. ബീന സുകുമാർ. പി, ഫിഷറീസ് ജോയിന്റ് ഡയറക്ടർ | കൺവീനർ |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അബ്ദുൾ നാസർ ബി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്. (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി. (ഫയൽ നം.സി1/93/2026/മതുവ)

ഉത്തരവിൻ പ്രകാരം
Digitally signed by Sabitha Shiju
Date: 31-07-2026 15:59:06
സെക്ഷൻ ഓഫീസർ